ഗവ.ഹയർസെക്കന്ററി സ്കൂൾ
സൗത്ത് എഴിപ്പുറം
സൗത്ത് വാഴക്കുളം പി.ഒ. പിൻ 683105

# ലിറ്റിൽ കൈറ്റ്സ്

## ഡിജിറ്റൽ മാഗസിൻ

# പ്രതിഭ



# ആമുഖം

സൗത്ത് എഴിപ്പുറം ഗവ.ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിലെ അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂളിൽ നടന്നിട്ടുള്ള വിവിധ പ്രവർത്തനങ്ങളെ ഡിജിറ്റൽ രൂപത്തിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് തയ്യാറാക്കിയാട്ടുള്ളതാണ് ഈമാഗസിൻ കുട്ടികളുടെ ഇൻഫർമേഷൻ ടെക്നോളജിയിലെ കഴിവുകൾ വർദ്ധിപ്പിക്കുക എന്നതിണ് ഇതിന്റെ ലക്ഷ്യം തെറ്റുകൾ ക്ഷമിക്കണമെന്ന അപേക്ഷയോടെ സവിനിമയം സമർപ്പിക്കുന്നു.

**എഡിറ്റർ**

**ശ്രീലക്ഷ്മി സന്തോഷ്**

# സന്ദേശം

സ്കൂളിൽ നടന്നിട്ടുള്ള വിവിധ പ്രവർത്തനങ്ങളുടെ രേഖപ്പെടുത്തലാണ് സ്കൂൾ മാഗസിൻ. ലിറ്റിൽ കൈറ്റ്സ് ക്ലബിലെ കുട്ടികൾ അവരുടെ കഴിവുകൾഈ മാഗസിലൂടെ പ്രദർശിപ്പിക്കുകയാണ്.സാങ്കേതിക വിദ്യയുടെ മുന്നേറ്റത്തിൽ അവരും പങ്കാളികളാകുന്നു.ഈ വാദ്യാലയത്തിൽ നടന്നുട്ടുള്ള പാഠ്യ-പാഠ്യേതര രംഗത്തെ വിവിധ പ്രവർത്തനങ്ങളാണ് കുട്ടികൾ ഡിജിറ്റൽ രൂപത്തിലാക്കുന്നത്.പ്രതിഭ എന്ന പേരിൽ കുട്ടികൾ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.



ഹെഡ്മാസ്റ്റർ

ഉണ്ണി കൃഷ്ണൻ .കെ.

# LITTLE KITE CLUB

## DIGITAL MAGAZINE

# പ്രതിഭ

## EDITORIAL BOARD

CHIEF EDITOR :SREELAKSHMI SNTHOSH

**MEMBERS**

1. ABIN SUKU
2. ABHIJITH SUKU
3. FARSANA  M N
4. ALFIYA OFFAR
5. ARSHAD

# ഗവ.ഹയർസെക്കന്ററി സ്കൂൾ

## സൗത്ത് എഴിപ്പുറം

### സൗത്ത് വാഴക്കുളം പി.ഒ.  പിൻ 683105

**റവന്യൂ ജില്ല  -എറണാകുളം**
**വിദ്യാഭ്യാസ ജില്ല – ആലുവ**

എറണാകുളം ജില്ലയിലെ ആലുവ വിദ്യാഭ്യാസ ജില്ലയിൽ മേച്ചേരിമുകൾ എന്ന ഗ്രാമത്തിൽ പ്രവർത്തിക്കുന്ന സർക്കാർവിദ്യാലയം.പ്രധാനറോഡിൽ നിന്നും മൂന്ന് കിലോമീറ്ററിലധികം വാഹനസൗകര്യമില്ലാതെ കാൽനടയായിട്ടാണ് കുട്ടികളും അധ്യാപകരും ജീവനക്കാരും എത്തിച്ചേരുന്നത്.സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഇവിടെയുള്ളത്.ഈ ചുറ്റുപാടിൽ നിന്നുമാണ് അർപ്പണബോധമുള്ള അധ്യാപകരുടെയും അധ്യാപകേതര ജീവനക്കാരുടെയും പി ടി എയുടെയും നാട്ടുകാരുടെയും രക്ഷിതാക്കളുടെയും നിരന്തര പരിശ്രമത്തിലൂടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ സ്കൂൾ ഇന്ന് മികവ് പുലർത്തിപ്പരുന്നത്. 2006 മുതൽ തുടർച്ചയായി SSLC പരീക്ഷയിൽ 100 % വിജയം സ്കൂൾ നേടിയെടുത്തിട്ടുണ്ട്.

**<u>പഠന പ്രവർത്തനങ്ങൾ</u>**

2007 ലെ SSLC പരീക്ഷയിൽ 100% വിജയം നേടിയ എറണാകുളം ജില്ലയിലെ ഏക സർക്കാർ വിദ്യാലയമായിരുന്നു സൗത്ത് എഴിപ്പുറം സ്കൂൾ.
തുടർന്നിങ്ങോട്ട് ഈ വിജയശതമാനം നിലനിർത്തിപ്പോരുവാൻ സ്കൂളിന് കഴിയു
ന്നുമുണ്ട്. ഇത്തരത്തിൽ ഉന്നതവിജയം കരസ്ഥമാക്കുന്നതിന് സഹായകരമായ ചി
ല പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

**<u>അക്ഷരധാര പദ്ധതി</u>**

സ്കൂളിലെ ഒന്നാം ക്ലാസ്സുമുതൽ ഒമ്പതാം ക്ലാസ്സുവരെയുള്ള കുട്ടികളിൽ പഠനത്തിന് പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പ്രത്യേകം പരിശീലനംനൽകുന്ന പദ്ധതിയാണ് അക്ഷരധാരാ പദ്ധതി.





ദിവസവും വൈകുന്നേരങ്ങളിൽ 3.45 മുതൽ 4.45 വരെ ഒരു മണിക്കൂറാണ് ഇവർക്ക് പരിശീലനം നൽകുന്നത്.60 ൽ പരം കുട്ടികളെ ഇത്തരത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രത്യേക പരിശീലനംലഭിച്ച അധ്യാപികമാരാണ് ഇവർക്ക് ക്ലാസ്സുകൾ നൽകുന്നത്.എല്ലാ ദിവസവും കുട്ടികൾക്ക് ലഘു ഭക്ഷണം നൽകിപ്പോരുന്നു. അക്ഷരധാരാ പദ്ധതിയ്ക്ക് സാമ്പത്തിക സഹായം നൽകുന്നത് **കളമശ്ശേരി രാജഗിരി കോളേജിലെ സോഷ്യൽ വർക്ക് വിഭാഗമാണ്.**ഇവരുടെ നിരന്തരമായ ഇടപെടലുകളും പ്രോത്സാഹനവും അക്ഷരധാരാ പദ്ധതി വൻവിജയമാക്കിത്തീർക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ എല്ലാ ശനിയാഴ്ച്ചകളിലും ഇംഗ്ലീഷ് പ്രാവീണ്യം നേടിയെടുക്കുന്നതിനായി ഇവർക്ക് കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ് ക്ലാസ്സും നടത്തുന്നു. ഈ

ക്ലാസ്സുകൾകുട്ടികൾക്ക് ഏറെ പ്രയോജനപ്പെടുന്നുണ്ട്.

**“ ആശാദീപം ”പദ്ധതി**

വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനം ലക്ഷ്യമാക്കി കളമശ്ശേരി രാജഗിരി കോളേജും സ്കൂളുമായി ചേർന്ന് "ആശാദീപം"പദ്ധതി ആരംഭിച്ചു. ആദ്യ ഘട്ടത്തിൽ
സ്കൂളിലെ ഒന്നാം വർഷ ഹയർസോക്കന്ററി വിദ്യാർത്ഥികൾക്കായി ഒരു ഏകദിന
ശിൽപ്പശാല നവംബർ 9ാം തീയതി കാക്കനാട് രാജഗിരി കോളേജിൽ നടന്നു.




സ്കൂളിലെ 110 കുട്ടികൾ പരിപാടിയിൽ പങ്കെടുത്തു. പഠന വൈകല്യങ്ങൾ മറികടക്കാനുള്ള മാർഗ്ഗങ്ങൾ, വ്യക്തിത്വ വികസനം,തൊഴിൽ മാർഗ്ഗ നിർദ്ദേശങ്ങൾ, ഉൾപ്രേരണ, പരിഹാര ബോധനം തുടങ്ങിയ വിവിധ സെക്ഷനുകളിൽ അദ്ധ്യാപകരും M.B.A. വിദ്യാർത്ഥികളും കുട്ടികൾക്ക് പരിശീലനം നൽകി. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ സ്കൂളിൽ ജനവരി മാസത്തോടെ ആരംഭിക്കുന്നതാണ്.

**ക്ലാസ്സ് P.T.A**

എല്ലാ മാസവും ക്ലാസ്സ് P.T.A.സംഘടിപ്പിക്കുന്നു.കുട്ടികളുടെ പഠന നിലവാരം രക്ഷിതാക്കളുമായി ചർച്ച ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു

**കൗൺസിലിംഗ് ക്ലാസ്സുകൾ**

സ്ക്കുളിലെ എല്ലാ രക്ഷിതാക്കൾക്കും അമ്മമാർക്കും പ്രത്യേക കൗൺസിലിംഗ്  ക്ലാസ്സുകൾ നടത്തിവരുന്നു കൂടാതെ കുട്ടികൾക്കുള്ള കൗൺസിലിംഗ് ക്ലാസ്സുകളും നടത്തിപ്പോരുന്നത് കെ പഠന നിലവാരം ഉയർത്തുന്നതിനും വ്യക്തിത്വ വികസനത്തിനും സഹായകരമാകുന്നു




**ഭവന സന്ദർശനം**

ഓരോ കുട്ടികളേയും അധ്യാപകരും മറ്റ് ജീവനകാരും ദത്തെടുത്ത് തുടർച്ചായായുള്ള പഠന നിലവാരം വിലയിരുത്തുന്നു തുടർന്ന് ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ P.T.A.യുടെ സഹകരണത്തോടെ എല്ലാ

കുട്ടികളുടെയും വീടുകൾ സന്ദർശിച്ച് പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നല്കുന്നു

**ICT പഠനം**

ICT അധിഷ്ഠിതമായ പ്രത്യേക പരിശീലന പദ്ധതി സ്കൂളിൽ നടത്തിവരുന്നു ഇതിനായി ആധുനീക രീതിയിൽ തയ്യാറാക്കിയിട്ടുള്ള സ്മാർട്ട് ലാബ് പ്രയോജനപ്പെടുത്തുന്നു .കമ്പ്യൂട്ടർ സാക്ഷരത സമീപപ്രദേശങ്ങളിലേക്കും വ്യാപിക്കുന്നു

**സ്മാർട്ട് ലാബ്**



**വിവിധ ലാബുകൾ**

എൽ.പി. ക്ലാസ്സിലെ കുട്ടികൾക്ക് പഠനത്തോടൊപ്പം വിനോദവും നൽകുന്ന തരത്തിൽ ഒരു കിഡ്സ് ലാബ് സ്കൂളിൽ പ്രവർത്തിച്ച് വരുന്നു.കൂടാതെ യു.പി., എച്ച്.എസ്. വിഭാഗക്കാർക്ക് സയൻസ് ലാബുകളും വിപുലമായി സജ്ജീകരിച്ച്









**കിഡ്സ് ലാബ്** **മൾട്ടിമീഡിയ റൂം**



ലാംഗേജ് ലാബിന്റെ ഉത്ഘാടനം ബഹു. ജില്ലാകളക്ടർ ശ്രീ.രാജമാണിക്യം IAS നിർവ്വഹിക്കുന്നു

**ലൈബ്രറി**

20,000 ൽപ്പരം പുസ്തകങ്ങളും റഫറൻസ് ഗ്രന്ഥങ്ങളുമടങ്ങിയ ലൈബ്രറി പ്രയോജനപ്പെടുത്തുന്നതുവഴി കുട്ടികളിൽ വിജ്ഞാനവും പരന്ന വായനയും ലഭ്യമാക്കുന്നു.



**വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം**

പരിസ്ഥിതി ക്ലബ്ബ്, കാർഷീക ക്ലബ്ബ്, ഊർജ്ജ സംരക്ഷണ ക്ലബ്ബ്, ശുചിത്വക്ലബ്ബ്, വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ക്ലബ്ബുകൾ എന്നിവയുടെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ കുട്ടികളിലെ പഠന പ്രവർത്തനങ്ങൾ കൂടുതൽ എളുപ്പമാക്കി തീർക്കുന്നു. ഇതോടൊപ്പം വിവിധ പ്രോജക്റ്റുകൾ, സർവ്വേകൾ, സെമിനാറുകൾ എന്നിവയും കുട്ടികളുടെ പഠനപ്രവർത്തനങ്ങളെ ഏറെ സഹായിക്കുന്നു. **SSLC പരീക്ഷയിൽ ഉന്നതവിജയം നേടുന്നതിനായി എറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ.**

[1]may 10 മുതൽ vacation class ആരംഭിക്കുന്നു.

[2]June മുതൽ രാവിലെ യും വൈകിട്ടും,ശനിയാഴ്ചയും അധിക ക്ലാസുകൾ [3]മാസംതോറും ക്ലാസ് PTA[4]കുട്ടികളെ അധ്യാപകർ ദത്തെടുത്തിരിക്കുന്നു.[5]അധ്യാപകരും പി.ടി.എപ്രധിനിധികളും,കുട്ടികളുടെ ഭവന സന്ദർശനം നടത്തിവേണ്ട നിർദേശങ്ങൾ നൽകുന്നു.[6]കുട്ടികൾക്ക് ലഘുഭക്ഷണം[7]കൗൺസലിംങ്ങ് ക്ലാസ്സുകൾ[8[10]ആകർഷകമായ പ്രോത്സാഹന സമ്മാനങ്ങൾ[AVT Company award].]ഫെബ്രുവരിയിൽ രാത്രികാലക്ലാസുകൾ[9]ആഴ്ച്ചതോറും ടെസ്റ്റ് പേപ്പറുകൾ.

# ശുചിത്വ പ്രവർത്തനങ്ങൾ

### 1.സ്കൂൾ ശുചിത്വം




ശുചിത്വ സേന

സ്കൂളിലെ Toilet, Urinals, Wash basin area,Waste bin area, ഇവ വൃത്തിയായി സൂക്ഷിക്കുന്നതിന് വേണ്ടി രൂപീകൃതമായിട്ടുള്ള ഒരു ക്ലബാണ് **white club.** 60 അംഗങ്ങളാണ് ഈ ക്ലബിലുള്ളത്.ആഴ്ചയിൽ 4 ദിവസം ക്ലബിലെ അംഗങ്ങൾ ഈ സ്ഥലങ്ങൾ വൃത്തിയാക്കും. കുട്ടികൾ Toilet വൃത്തിയാക്കുന്ന സമയത്ത് ധരിക്കാനായി Apron, G louse, Shoes, Lotion, Brush, Brooms, Bucket, Mug ഇവ ലഭ്യമാക്കികിട്ടാൻ വിവിധ ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും വൃത്തിയാക്കുന്നതിനായി വിവിധ Toilet ഉം Urinals ഉം തരംതിരിച്ച് കൊടുത്തിട്ടുണ്ട്.ഇതിന് നേതൃത്വം നൽകുന്നതിനായി ഒരോ ഗ്രൂപ്പിലും രണ്ട് അധ്യാപകർ പ്രവർത്തിക്കുന്നു.സ്കൂളിന്റെ പരിസരപ്രദേശങ്ങൾ വൃത്തിയാക്കുന്നത് ഓരോ ദിവസവും 5 മുതൽ 12 വരെയുള്ള ഓരോ ഡിവിഷനിലേയും കുട്ടികളാണ്.ഇതിനായി Waste basket,ചൂൽ ഇവ ലഭ്യമാക്കിയിട്ടുണ്ട്.ക്ലാസ്റൂമുകൾ അതേ ക്ലാസിലെ കുട്ടികൾ വൃത്തിയാക്കി സൂക്ഷിക്കുന്നു. സ്കൂളും പരിസരവും വൃത്തിയാക്കി സൂക്ഷിക്കുന്നതിന് ഈ ക്ലബ്ബിന്റെ പ്രവർത്തനം ഏറെ സഹായകമാണ്

**ശുചിത്വപോലീസ്**

ശുചിത്വ ക്ലബ്ബിലെ നാല് കുട്ടികളെ ഓരോ ദിവസവും ശുചിത്വപോലീസ് ആയി നിയമിക്കുന്നു.ഒരു കുട്ടി സ്കൂളിന്റെ മുൻവശത്തെ റോഡ്. പെൺകുട്ടികളുടെ വാഷ് ബേസിൻ ഭാഗം, ആൺകുട്ടികളുടെ Toilet , പെൺകുട്ടികളുടെ Toilet ന്റെ ഭാഗം എന്നിവിടങ്ങളിൽ നിയോഗിച്ചിരിക്കുന്നു.ഇവർക്ക് ധരിക്കുന്നതിനായി പ്രത്യേക യൂണിഫോം,തൊപ്പി ഇവ ലഭ്യമാക്കിയിട്ടുണ്ട്.പരിസരം വൃത്തിയായി സൂക്ഷിക്കാൻ കുട്ടികൾക്ക് വേണ്ട നിർദേശങ്ങൾ യഥാസമയം നൽകുന്നു

**സ്കൂൾ മുറ്റവും ഗ്രൗണ്ടും ശുചീകരിക്കുന്ന കുട്ടികൾ**






BATHROOMS




GENTS
LADIES



## സോപ്പ് നിർമാണ യൂണിറ്റ്




- 
- സ്കൂളിലെ ശുചിത്വക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു സോപ്പ് നിർമ്മാണയൂണിറ്റ് പ്രവർത്തിക്കുന്നു.ക്ലബ്ബിലെ കുട്ടികൾ ഓരോ ദിവസവും രാവിലെ സോപ്പ് നിർമ്മാണത്തിന് ആവശ്യമായ മിശ്രിതങ്ങൾ തയ്യാറാക്കുകയും ഉച്ചക്ക് അച്ചിൽ ഒഴിക്കുകയും ചെയ്യുന്നു. വൈകുന്നേരം സോപ്പ് അച്ചിൽ നിന്നും അടർത്തി ഉണക്കാൻ വയ്ക്കുന്നു. ശുദ്ധമായ വെളിച്ചെണ്ണയാണ് ഇത് നിർമ്മിക്കുന്നതിനായി ഉപയോഗിക്കുന്നത്."**അഴക്**"എന്നാണ് ഈ സോപ്പിന്റെ പേര്.

സ്കൂളിലെ കുട്ടികൾ കിഴക്കമ്പലം ,വാഴക്കുളം പഞ്ചായത്തിലെ 1000 വീടുകളിൽ അവർ ഉപയോഗിക്കുന്ന സോപ്പ്, ഉപഭോഗക്രമം , നിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്ന അസംസ്കൃത വസ്തുക്കൾ, TFM എന്നിവയെക്കുറിച്ചുള്ള അവരുടെ അറിവ് പരിശോധിക്കുന്നതിനും, സോപ്പ് ഉപയോഗിക്കുന്നതിനുള്ള കാരണവും പഠിക്കുന്നതിനായി ഒരു സർവ്വേ നടത്തി.

ഈ സർവ്വേയിൽ നിന്ന് ലഭിച്ച വിവരങ്ങൾ ക്രോഡീകരിക്കുകയും കൂടുതൽ ആളുകളും ഓരോ സോപ്പിലും അടങ്ങിയിരിക്കുന്ന വസ്തുക്കളെക്കുറിച്ച് അറിവില്ലാത്തവരും വെളിച്ചെണ്ണ ഈ ഓരോ സോപ്പിലും അടങ്ങിയിട്ടില്ല ,എന്ന് മനസ്സിലാക്കാത്തവരുമാണ്.കൂടുതൽ ആളുകളും പരസ്യം കാണുന്നതിന്റെ അടിസ്ഥാനത്തിലാണ് ഓരോ സോപ്പും ഉപയോഗിക്കുന്നത്. വെളിച്ചെണ്ണയിൽ നിർമ്മിച്ച സോപ്പ് ലഭ്യമാക്കുക ,അതോടൊപ്പം തന്നെ കുട്ടികളിൽ ശുചിത്വശീലം വളർത്തുക എന്നീ ലക്ഷ്യത്തോടെയാണ ഈ സോപ്പ്നിർമ്മാണയൂണിറ്റ് പ്രവർത്തിക്കുന്നത്. ശ്രീമതി ഷീബ പോൾ ടീച്ചറാണ് ഈ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്.

# ശുചത്വ സന്ദേശം...അഴകുള്ള സേവനം.....





സ്കൂളിലെ ശുചിത്വക്ലബ് അംഗങ്ങൾ ശുചത്വ സന്ദേശവുമായി കോതമംഗലം വിദ്യാഭ്യാസജില്ലയിൽപെട്ട കണ്ടന്തറ ഗവ.യു.പി. സ്കൂൾ സന്ദർശിച്ചു.പെരുമ്പാവൂർ മേഖലയിലെ അന്യസംസ്ഥാനതൊഴിലാളികളുടെ മക്കൾ അക്ഷരജ്ഞാനം നേടുന്ന ഈ സ്കൂൾ പാർശ്വവൽക്കരിക്കപ്പെട്ട ബാല്യങ്ങളുടെ ഒരുനേർക്കാഴ്ചയാണ്. ശുചത്വ വും അതുവഴിആരോഗ്യവും എന്ന മുദ്രാവാക്യം ഉയർത്തിയാണ് ശുചിത്വക്ലബ് അംഗങ്ങൾകണ്ടന്തറസ്കൂളിൽഎത്തിയത്

ഹെഡ്മാസ്റ്റർക.ആർ.പവിത്രൻ,അധ്യാപകരായകെ.ബി.സജീവ്,റ്റി.എ.മുരളിഎന്നിവർ ക്ലബ്പ്രവർത്തനങ്ങൾക്ക്നേതൃത്വംനൽകി

.കണ്ടത്തറഗവ.യു.പി.സ്കൂൾഎച്ച്.എം.കെ.എം.നസീമ,പി.യു.പൗലോസ്,ഐഷാബീവിഎന്നിവർ ശുചത്വ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹകരണവും നൽകി.സ്കൂളിലെ എല്ലാകുട്ടികൾക്കും ശുചിത്വക്ലബ്അംഗങ്ങൾനിർമ്മിച്ച 200 ൽപ്പരംസോപ്പുകളും പരിസ്ഥിതിസഞ്ചികളും വിതരണം ചെയ്തു.

**ശുചിത്വകാമ്പയിൻ**

സ്കൂളിലെ വൈറ്റ്ക്ലബിന്റെ നേതൃത്വത്തിൽ സൗത്ത് എഴിപ്പുറം ഗ്രാമത്തിലെ 500 വീടുകൾ സന്ദർശിച്ച് പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെയും വ്യക്തിശുചിത്വം പരിസരശുചിത്വം ഇവ പാലിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും പൊതുജനങ്ങൾക്ക് സന്ദേശം നൽകി.ശുചിത്വക്ലബിലെ50 കുട്ടികൾ മൂന്ന് ഗ്രൂപ്പുകളിലായി തിരിഞ്ഞാണ് കാമ്പയിൻ സംഘടിപ്പിച്ചത്.ഒന്നാമത്തെഗ്രൂപ്പിൽ ക്ലബ്ബിലെ17 കുട്ടികളും അധ്യാപികമാരായ ഷിജി പോൾ, സ്വാലിഹ ഇവരാണ് ഉണ്ടായിരുന്നത്. കിഴക്കമ്പലം പഞ്ചായത്തിലെ മലയിടംതുരുത്ത് , കാരുകുളം, മങ്കുഴി പ്രദേശത്തെ വീടുകളാണ് ഈ സംഘം സന്ദർശിച്ചത് . രണ്ടാമത്തെ ഗ്രൂപ്പിൽ പതിനെട്ട് കുട്ടികളും അധ്യാപികമാരായ ഷീബ പോൾ , ബിന്ദു പി ഇവരാണ് ഉണ്ടായിരുന്നത് . മേച്ചേരിമുകൾ, നാല് സെന്റ് കോളനി, ബി .എച്ച് നഗർ തുടങ്ങിയ പ്രദേശത്തെ വീടുകളാണ് സന്ദർശിച്ചത്.മൂന്നാമ്മത്തെ ഗ്രൂപ്പിൽ പതിനെട്ട് കുട്ടികളും അധ്യാപകരായ മുരളി റ്റി. എ , മല്ലിക .റ്റി തുടങ്ങിയവരാണ് ഉണ്ടായിരുന്നത്. കൊള്ളിമുഗൾ, ചവരിപ്പാടം തുടങ്ങിയ പ്രദേശത്തെ വീടുകളാണ് സന്ദർശിച്ചത്.

ഓരോ വീട്ടിലെയും അംഗങ്ങൾക്ക് കുട്ടികൾ ശുചിത്വത്തിന്റെ ആവശ്യകത വിശദീകരിക്കുയും വ്യക്തി ശുചിത്വം പരിസര ശുചിത്വം ഇവ പാലിക്കാൻ ഓരോരുത്തരും പാലിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖ വിതരണം ചെയ്യുകയും ചെയ്തു. ശുചിത്വ ക്ലാസ്സിന് പ്രിൻസിപ്പൾ പ്രസീദ ടീച്ചർ , എച്ച്.എം.K.R പവിത്രൻ, പി. എം റഷീദ്, തുടങ്ങിയവർ നേതൃത്വം നൽകി. **ശുചിത്വകാമ്പയിൻ**

സ്കൂളിലെ വൈറ്റ്ക്ലബിന്റെ നേതൃത്വത്തിൽ സൗത്ത് എഴിപ്പുറം ഗ്രാമത്തിലെ 500 വീടുകൾ സന്ദർശിച്ച് പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെയും വ്യക്തിശുചിത്വം പരിസരശുചിത്വം ഇവ പാലിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും പൊതുജനങ്ങൾക്ക് സന്ദേശം നൽകി.ശുചിത്വക്ലബിലെ50 കുട്ടികൾ മൂന്ന് ഗ്രൂപ്പുകളിലായി തിരിഞ്ഞാണ് കാമ്പയിൻ സംഘടിപ്പിച്ചത്.ഒന്നാമത്തെഗ്രൂപ്പിൽ ക്ലബ്ബിലെ17 കുട്ടികളും അധ്യാപികമാരായ ഷിജി പോൾ, സ്വാലിഹ ഇവരാണ് ഉണ്ടായിരുന്നത്. കിഴക്കമ്പലം പഞ്ചായത്തിലെ മലയിടംതുരുത്ത് , കാരുകുളം, മങ്കുഴി പ്രദേശത്തെ വീടുകളാണ് ഈ സംഘം സന്ദർശിച്ചത് . രണ്ടാമത്തെ ഗ്രൂപ്പിൽ പതിനെട്ട് കുട്ടികളും അധ്യാപികമാരായ ഷീബ പോൾ , ബിന്ദു പി ഇവരാണ് ഉണ്ടായിരുന്നത് . മേച്ചേരിമുകൾ, നാല് സെന്റ് കോളനി, ബി .എച്ച് നഗർ തുടങ്ങിയ പ്രദേശത്തെ വീടുകളാണ് സന്ദർശിച്ചത്.മൂന്നാമ്മത്തെ ഗ്രൂപ്പിൽ പതിനെട്ട് കുട്ടികളും അധ്യാപകരായ മുരളി റ്റി. എ , മല്ലിക .റ്റി തുടങ്ങിയവരാണ് ഉണ്ടായിരുന്നത്. കൊള്ളിമുഗൾ, ചവരിപ്പാടം തുടങ്ങിയ പ്രദേശത്തെ വീടുകളാണ് സന്ദർശിച്ചത്.

- ഓരോ വീട്ടിലെയും അംഗങ്ങൾക്ക് കുട്ടികൾ ശുചിത്വത്തിന്റെ ആവശ്യകത വിശദീകരിക്കുയും വ്യക്തി ശുചിത്വം പരിസര ശുചിത്വം ഇവ പാലിക്കാൻ ഓരോരുത്തരും പാലിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖ വിതരണം ചെയ്യുകയും ചെയ്തു. ശുചിത്വ ക്ലാസ്സിന് പ്രിൻസിപ്പൾ പ്രസീദ ടീച്ചർ , എച്ച്.എം.K.R

പവിത്രൻ, പി. എം റഷീദ്, തുടങ്ങിയവർ നേതൃത്വം നൽകി.



സൗത്ത് എഴിപ്പുറം നാല് സെന്റ് കോളനിയിലെ ശുചിത്വപ്രവർത്തനങ്ങൾ മെമ്പർ പി.എം നാസർ നിർവ്വഹിക്കുന്നു





**സൗത്ത് എഴിപ്പുറം നാല് സെന്റ് കോളനിയിൽ ശുചീകരണ സാമഗ്രികൾ സൗജന്യമായി വിതരണം ചെയ്യുന്ന കുട്ടികൾ**

**<u>ശുചിത്വ ബോധവൽക്കരണ ക്ലാസ്സ്</u>**

സ്കൂളിൽ ശുചിത്വ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.വാഴക്കുളം പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ പി.ആർ.ശിവൻ കുട്ടികൾക്ക്





ശുചിത്വവും ആരോഗ്യവും എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു.കൂടാതെ അസംബ്ലിയിൽ ശുചിത്വ പ്രതിജ്ഞയും എടുക്കുകയുണ്ടായി.

## വേസ്റ്റ് ബക്കറ്റ് നിർമ്മാണം



സ്കൂളിലേയും വീടുകളിലേയും പാഴ്വസ്തുക്കൾ കുട്ടികൾക്ക് നിക്ഷേപിക്കത്തക്ക രീതിയിൽ ഉപയോഗിക്കാവുന്ന വിധത്തിലുള്ള വേസ്റ്റ് ബക്കറ്റുകൾ സ്കൂളിലെ കുട്ടികൾ നിർമ്മിച്ചിട്ടുണ്ട്. പാഴാകുന്ന പേപ്പറുകൾ, ഓയിൽ, കഞ്ഞിവെള്ളം ഇവ ഉപയോഗിച്ചാണ് ഈ ബക്കറ്റുകൾ നിർമ്മിക്കുന്നത്. ഇത് സ്കൂളിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും വീടുകളിലെ

ഉപയോഗത്തിനായും നൽകിയിട്ടുണ്ട്.



സ്കൂളിൽ വളരെ ശുചിത്വമായ അന്തരീക്ഷമാണ് നിലവിലുള്ളത്. വൃത്തിയുള്ള മൂത്രപ്പുരകൾ, കക്കൂസുകൾ, ഇ.ടോയ്ലറ്റ്, ഗേൾസ് ഫ്രണ്ട്ലി ടോയലറ്റ് എന്നിവയും ആവശ്യത്തിന് ജലലഭ്യതയും




ഉണ്ട്. സ്കൂളിലെ ഔഷധത്തോട്ടം, പൂന്തോട്ടം, കൃഷിത്തോട്ടം എന്നിവ കുട്ടികളിലെ ശുചിത്വ ബോധം വർധിപ്പിക്കുന്നതിനും സ്കൂളിലെ ഈ മനോഹാരിത കുട്ടികളിലെ മാനസിക ഉന്മേഷവും സന്തോഷവും പ്രധാനം ചെയ്യുന്നവയാണ്. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കുട്ടികളിൽ ശുചിത്വ ബോധം വേരുറപ്പിക്കുന്നു. പ്രകൃതിസംരക്ഷണറാലി, ടാബ്ലോ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്ന സ്കൂളിനെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. പേനകൾ പോലുള്ള ഒഴിവാക്കാനാകാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രത്യേകം ശേകരിച്ച് അവ കൈമാറ്റം ചെയ്യുന്നു.

## <u>പ്ലാസ്റ്റിക് വിപത്ത് തടയൽ</u>

പരിസ്ഥിതി സൗഹൃദ സഞ്ചി നിർമ്മാണം

വീട്ടുകളിൽ പ്ളാസ്റ്റിക് കവറുകൾ കടകളും മറ്റും വഴികളിലുമായി ദിവസേന ഭീമമായ  വീട്ടിൽ എത്തിച്ചേരുന്നതും അതുവഴി പരിസ്ഥിതിയ്ക്ക് ഉണ്ടാകുന്ന മാരകമായ ഭവിഷത്തുകൾ മനസ്സിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്കൂളിലെ തന്നെ തയ്യൽ മെഷീനുകൾ ഉപയോഗിച്ച് കുട്ടികൾ തുണി സഞ്ചി നിർമ്മിച്ചു വരുന്നു. എല്ലാ കുട്ടികൾക്കും സൗജന്യമായി തുണി സഞ്ചി വിതരണം ചെയ്യുന്നതു വഴി വീട്ടുകളിലെ പ്ളാസ്റ്റിക് കവറുകളുടെ ഉപയോഗം പരമാവധി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.കൂടാതെ സമീപവീസികളിൽ പ്ളാസ്റ്റിക് ഒഴിവാക്കി ഇത്തരം പരിസ്ഥിതി സൗഹൃദ സഞ്ചികൾ ഉപയോഗിക്കുന്നതിന്റ ആവശ്യകതയെ കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്തു.







സീഡ് സൗഹ്യദസഞ്ചി കുട്ടികൾക്ക് വിതരണം ചെയ്തപ്പോൾ...

## സൗഹൃദസഞ്ചി വിതരണം ലക്ഷദ്വീപിലെ സ്കൂളുകളിലും

ലക്ഷദ്വീപിലെ ആന്ത്രോത്ത് ദ്വീപിലുള്ള മഹാത്മാഗാന്ധി സീനിയർ സെക്കന്ററി സ്കൂളിലും ഗവ.ഗേൾസ് സ്കൂളിലും എഴിപ്രം സ്കൂളിലെ കുട്ടികൾ നിർമ്മിച്ച പരിസ്ഥിതി സൗഹൃദസഞ്ചി വിതരണം ചെയ്തു. മഹാത്മാഗാന്ധി സ്കൂൾ പ്രിൻസിപ്പാൾ ജോർജ് സാറിന്റെ സാന്നിധ്യത്തിൽ ലക്ഷദ്വീപ് മജിസ്ട്രേറ്റ് ആന്ത്രോത്ത് ദ്വീപിലെ കുട്ടികൾക്ക് സൗഹൃദസഞ്ചി വിതരണം ചെയ്ത് ഉത്ഘാടനം നിർവ്വഹിച്ചു.സീഡ് കോ-ഓർഡിനേറ്റർ കെ.ബി.സജീവ് ചടങ്ങിൽ പങ്കെടുത്തു.




## വാ..വാ..മഴയേ വാ.. –മഴയറിവ് പദ്ധതി

**മൺസൂൺ കാലത്തെ മഴ ഭൂമിയുടെ പച്ചപ്പിനെയും നിലനിൽപ്പിനേയും എത്രയേറെ സ്വാധീനിക്കുന്നു എന്ന് കുട്ടികളിൽ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് മഴയറിവ് പദ്ധതി**



## രോഗങ്ങൾക്കെതിരെ നല്ല ശീലങ്ങൾ

ആരോഗ്യപരിപാലനത്തിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

1.കായിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നു.

2.മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ പരിപാടികൾ ഇവ സംഘടിപ്പിച്ചു.

3.രോഗങ്ങൾക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തു.







**മെഡിക്കൽ ക്യാമ്പിൽ നിന്നുള്ള ഒരു ദൃശ്യം**



**മൊബൈൽ മെഡിക്കൽ ലാബ് സ്കൂളിൽ എത്തിയപ്പോൾ**





## ഊർജ്ജ സംരക്ഷണം



ഊർജ്ജ സംരക്ഷണ സ്റ്റിക്കർ വീടുകളിൽ വിതരണം ചെയ്യുന്ന കുട്ടികൾ

## ലഹരിക്കെതിരെ ജാഗ്രത

യുവതലമുറ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഇതിനെതിരെ ബോധവൽക്കരണം അനിവാര്യമാണ്.ഇത് മുന്നിൽക്കണ്ട് സീഡ് ക്ലബ്ബ് നിരവധി ബോധവൽക്കരണക്ലാസ്സുകൾ സ്കൂളിൽ സംഘടിപ്പിച്ചു.മലയിടംതുരുത്ത് പോലീസ് സ്റ്റേഷന,എക്സൈസ് വകുപ്പ് തുടങ്ങിയവയുമായി സഹകരിച്ച് ക്ലാസ്സുകൾ സംഘടിപ്പിച്ചു കുട്ടികൾ,രക്ഷിതാക്കൾ,അമ്മമാർ എന്നിവർക്ക് പ്രത്യേകം ക്ലാസ്സുകൾ നടത്തുകയുണ്ടായി





ബോധവൽക്കരണക്ലാസ്സ്...കുട്ടികൾക്കും രക്ഷിതാക്കൾക്കും



## ജലസംരക്ഷണ പ്രവർത്തനങ്ങൾ

## ജലസ്രോതസ്സുകളുടെ സംരക്ഷണം

**പുള്ളിച്ചിറയ്ക്ക് കരിങ്കൽകാവൽക്കാരായി...**
**എഴിപ്രം സ്കൂളിലെ പരിസ്ഥിതി ക്ലബ്ബ് അംഗങ്ങൾക്ക് പ്രവർത്തനസാഫല്യം.**

1.
2. സൗത്ത് എഴിപ്പുറം ഗവ.ഹയർസെക്കന്ററി സ്കൂളിലെ **പരിസ്ഥിതി ക്ലബ്**അംഗങ്ങൾ രണ്ട് വർഷം മുൻപ് നടത്തിയ ജലാശയസംരക്ഷണപ്രവർത്തനങ്ങൾക്ക് അംഗീകാരം.കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽപ്പെട്ട കാരുകുളത്തെ പുള്ളിച്ചിറ അന്യാധീനപ്പട്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ട അംഗങ്ങൾ കഴിഞ്ഞ പഞ്ചായത്തു ഭരണസമിതിയ്ക്ക് നിവേദനം നൽകുകയായിരുന്നു.സമീപത്തുള്ള പത്തോളം ചിറകളെക്കുറിച്ച് സർവ്വെ നടത്തിയപ്പോഴാണ് പുള്ളിച്ചിറയുടെ ശോചനീയാവസ്ഥ കുട്ടികൾക്ക് ബോധ്യപ്പെട്ടത്.ഉടൻതന്നെ തൊഴിലുറപ്പുപ്രവർത്തകരുമായി സഹകരിച്ച് കുട്ടികൾ ചിറ വൃത്തിയാക്കി.ഈ വാർത്ത മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചിരുന്നു.തുടർന്ന് അന്നത്തെ കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോളി ബേബിയ്ക്ക് പുള്ളിച്ചിറ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് കുട്ടികളുടെ നേതൃത്വത്തിൽ ഒരു ഭീമഹർജി നൽകി.ഏതാണ്ട് തൊണ്ണൂറ് സെന്റ് ഉണ്ടായിരുന്ന ചിറ ഇന്ന് ശുഷ്കിച്ച് ഇരുപത് സെന്റോളമായിത്തീർന്നിരിക്കുന്നു.ആയതിനാൽ ഇവ കരിങ്കൽഭിത്തികെട്ടി സംരക്ഷിക്കമെന്ന് ആവശ്യപ്പെട്ടാണ് ഹർജി സമർപ്പിച്ചത്.അതിന് ഫലവും കണ്ടു.

**ഭരണസമിതി ഇടപെട്ട് കരിങ്കൽഭിത്തികെട്ടി പുള്ളിച്ചിറ സംരക്ഷിച്ചിരിക്കുന്നു... പരിസ്ഥിതി ക്ലബ്ബിലെ അംഗങ്ങൾക്ക് പ്രവർത്തനസാഫല്യത്തിന്റെ നിമിഷങ്ങൾ....**



**സമീപത്തുള്ള ജലാശയങ്ങൾ ( പുള്ളിച്ചിറ)സർവ്വെ നടത്തുന്ന കുട്ടികൾ**




**കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽപെട്ട പുള്ളിച്ചിറ ശുചീകരിക്കുന്ന പരിസ്ഥിതി ക്ലബ്ബിലെ അംഗങ്ങൾ**



പുള്ളിച്ചിറ കരിങ്കല്ലുകൾകൊണ്ട് കെട്ടിസംരക്ഷിക്കണമെന്നാവശ്യപ്പെട്ട്
പഞ്ചായത്തധികൃതർക്ക് നാട്ടുകാരുടെ സഹായത്തോടെ ഭീമഹർജി നൽകുന്നു



പ്രവർത്തനസാഫല്യത്തിന്റെ നിമിഷങ്ങൾ....
ഭരണസമിതി ഇടപെട്ട് കരിങ്കൽഭിത്തികെട്ടി പുള്ളിച്ചിറ സംരക്ഷിച്ചിരിക്കുന്നു...

കിഴക്കമ്പലം പഞ്ചായത്തിലെ മരോട്ടിക്കുളം ശുചീകരിക്കുന്ന കുട്ടികൾ







മരോട്ടിക്കുളം കരിങ്കൽ ഭിത്തികെട്ടി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ഭീമഹർജി നൽകുന്നു.

## പുന്നേടത്ത് കുളം ശുചീകരണം





**പുന്നേടത്ത് കുളം ശുചീകരണത്തിന് കെ.ബി.സജീവ്,റ്റി.എ.മുരളി എന്നിവർ നേതൃത്വം നൽകുന്നു.**

## വീഴുന്നിടത്ത് താഴട്ടെ

മണ്ണിൽ ഒരിടത്തും വെള്ളം കെട്ടിക്കിടക്കാൻ അനുവദിക്കാതെ താഴ്ന്ന സ്ഥലങ്ങളിലേക്ക് ഒഴുക്കിവിടാനാണ് നമ്മൾ ഇപ്പോൾ ശ്രമിക്കുന്നത്.ഭൂമിക്കടിയിലെ ജലനിരപ്പ് വളരെവേഗത്തിൽ
താഴ്ന്നപോകുന്നതിന്റെ കാരണവും ഇതുതന്നെ.മഴവെള്ളം വീഴുന്നിടത്തുതന്നെ ഭൂമിയിലേക്ക് താഴാൻ അനുവദിച്ചാൽ നമ്മുടെ ജലക്ഷാമത്തിന് ഒരളവുവരെ പരിഹാരമാകും.ആയതിനാൽ .മഴവെള്ളം വീഴുന്നിടത്തുതന്നെ താഴട്ടെയെന്ന ഉദ്ദേശത്തോടെ സ്കൂൾ മുറ്റവും പരിസരങ്ങളും മെറ്റൽ വിരിച്ച് ജലസംരക്ഷണം നടത്തിവരുന്നു.

**സ്കൂൾ മുറ്റവും പരിസരങ്ങളും മെറ്റൽ വിരിച്ചിരിക്കുന്നു**



# ജലപുനരുപയോഗം

**മഴവെള്ള സംഭരണം**

സ്കൂളിലെ കുട്ടികൾക്ക് ഉപയോഗത്തിനായി മഴവെള്ളം സംഭരിക്കുന്നതിന് ഒരു ടാങ്ക് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ നിന്നുള്ള ജലം കുട്ടികൾ ഉപയോഗിക്കുന്നു.അതോടോപ്പം തന്നെ കെട്ടിടത്തിന്റെ മുകളിൽ നിന്നുള്ള ജലം സംഭരിച്ച് സ്കൂൾ കോമ്പൗണ്ടിലെ ഉപയോഗശൂന്യമായ



കിണറിലേക്ക് നിക്ഷേപിക്കുന്നതിനായി പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്കൂൾ കോമ്പൗണ്ടിൽ മഴ മൂലം ലഭിക്കുന്ന വെള്ളം ഭൂമിയിലേക്ക് തന്നെ താഴുന്നതിന് മുറ്റം മുഴുവൻ മെറ്റൽ വിരിച്ചിട്ടുണ്ട്.



**കിണർ റീചാർജിംഗ്**




ജലസൗഹൃദ പദ്ധതിയുടെ ഭാഗമായി സ്കൂളിൽ പുതിയ മഴവെള്ളസംഭരണി സ്ഥാപിച്ചപ്പോൾ..

## മലിനജലത്തിനെതിരെ ജാഗ്രത



### കുളങ്ങൾ പ്ലാസ്റ്റിക് വിമുക്തമാക്കൽ

സമീപപ്രദേശങ്ങളിലെ പ്രധാന ചിറകളായ നെടുങ്ങാലച്ചിറ, മറപ്പാട്ട്ചിറ എന്നിവിടങ്ങളിൽ സർവ്വെ നടത്തിയപ്പോൾ ജലത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങള് കുമിഞ്ഞു കൂടി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. കുട്ടികൾ ഉടൻ തന്നെ മാലിന്യങ്ങൾ നീക്കം ചെയ്തു.കുളിക്കടവിൽ എത്തിയ പരിസര വാസികളോട് ചിറ പ്ലാസ്റ്റിക് വിമുക്തമായും വൃത്തിയായും സൂക്ഷിക്കേണ്ടതിന്റെ

ആവശ്യകത വിവരിച്ച് കൊടുത്തു. അതോടൊപ്പം "ദയവു ചെയ്ത് ഇവിടെ മാലിന്യങ്ങൾ നിക്ഷേപിക്കരുത്" എന്ന ബോർഡും എഴുതിയാണ് കുട്ടികൾ മടങ്ങിയത്.





ഇരിങ്ങോൾ വനത്തിനുള്ളിലെ കുളം ശുചീകരിക്കുന്ന കുട്ടികൾ



വെങ്ങോല പഞ്ചായത്തിലെ ചാത്തൻകുളം ശുചീകരിക്കുന്ന സീഡ് ക്ലബ്ബ് അംഗങ്ങൾ

## നക്ഷത്രവനം പദ്ധതി

കേരള വനം വകുപ്പിന്റെ സഹകരണത്തോടെ സ്കൂളിൽ നക്ഷത്രവനം പദ്ധതിക്ക് തുടക്കം കുറിച്ചു.

അശ്വതി മുതൽ രേവതി വരെയുള്ള ജന്മനക്ഷത്രമുള്ള കുട്ടികളെ തെരഞ്ഞെടുക്കുകയും നക്ഷത്രവനത്തിന്റെ നടീലും പരിപാലനവും അടക്കമുള്ള ചുമതലകൾ വീതിച്ചുനൽകുകയും ചെയ്തു.





## ഗ്രീൻ ക്ലാസ്സ് റൂം

പരിസ്ഥിതിയോട് ഇണങ്ങിച്ചേർന്ന് കുട്ടികൾക്ക് പഠിക്കുന്നതിനും വിശ്രമിക്കുന്നതിനുമായി സ്കൂളിൽ ഗ്രീൻ ക്ലാസ്സ് റൂം നിർമ്മിച്ചു. പരമ്പരാഗത രീതിയിലുള്ള ഓല,മുള എന്നിവ ഉപയോഗിച്ചാണ് ക്ലാസ്സ് റൂം സജ്ജമാക്കിയിട്ടുള്ളത്. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ **പ്രൊഫ.എസ്സ്.സീതാരാമൻ** ഗ്രീൻ ക്ലാസ്സ് റൂം ഉദ്ഘാടനം ചെയ്തു.





പ്രൊഫ.എസ്സ്.സീതാരാമൻ,പ്രിൻസിപ്പാൾ ബി.പ്രസീത എന്നിവർ
ഗ്രീൻ ക്ലാസ്സ്റൂമിൽ കുട്ടികൾക്കൊപ്പം

## ജൈവവൈവിധ്യ പാർക്കും കുട്ടിവനവും

സ്കൂൾ കാമ്പസിന്റെ പ്രധാനകവാടത്തിനോട് ചേർന്ന്  മനോഹരമായ ജൈവവൈവിധ്യ പാർക്കും കുട്ടിവനവും ഒരുക്കിയിട്ടുണ്ട്.പാർക്കിന്റെ ഒരുവശത്ത് ഗ്രീൻ ക്ലാസ്സ് റൂം നിർമ്മിച്ചിരിക്കുന്നു. പാർക്കിൽ പണികഴിപ്പിച്ചിട്ടുള്ള മത്സ്യക്കുളം വിവിധതരം മത്സ്യങ്ങളാൽ സമ്പന്നമാണ് .ആമ,തവള തുടങ്ങിയ ജീവികളും കുളത്തിലുണ്ട്. നൂറിൽപ്പരം ഔഷധസസ്യങ്ങളും ഇവിടെ നട്ടുവളർത്തി പരിപാലിച്ചുപോരുന്നു.ഔഷധസസ്യങ്ങൾക്ക് നെയിം ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.രണ്ട് സെന്റോളം വരുന്ന സ്ഥലത്താണ് കുട്ടിവനം.ഇവിടെയുള്ള വനങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം ആവാസവ്യവസ്ഥ അതേപടി നിലനിർത്തുവാനും ശ്രമിക്കുന്നു.





# ഹരിതം ഔഷധം പദ്ധതി

ഔഷധസസ്യങ്ങൾ സ്കൂളിലും നാട്ടിലും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിതം ഔഷധം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇവിടെ നൂറിൽപ്പരം ഔഷധസസ്യങ്ങൾ നട്ടുവളർത്തി പരിപാലിച്ചുപോരുന്നു.ഔഷധസസ്യങ്ങൾക്ക് നെയിം ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.ഹരിതം ഔഷധം പദ്ധതിയുടെ ഉദ്ഘാടനം പ്രമുഖ പരിസ്ഥിതി പ്രവർത്തകനായ മോഹനൻനായർ പൊന്നക്കുടം നിർവ്വഹിച്ചു



ഹരിതം ഔഷധംപദ്ധതിയുടെ ഉദ്ഘാടനം മോഹനൻനായർ പൊന്നക്കുടം നിർവ്വഹിക്കുന്നു

## ഹരിതം ഔഷധം പദ്ധതി സമീപസ്കൂളുകളിലേക്കും

ഹരിതം ഔഷധം പദ്ധതി മറ്റ് സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സമീപ വിദ്യാലയമായ മലയിടം തുരുത്ത് ഗവ.എൽ.പി. സ്കൂളിൽ മുപ്പതിൽപ്പരം ഔഷധസസ്യങ്ങൾ സൗജന്യമായി നല്കിക്കൊണ്ട് ഔഷധത്തോട്ടം നിർമ്മിച്ചുനൽകി.ഇതിന്റെ ഉദ്ഘാടനം വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പി.പി. രശ്മി ടീച്ചർ നിർവ്വഹിച്ചു.കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് മെമ്പർ മിനി രതീഷ്, മലയിടം തുരുത്ത് ഗവ.എൽ.പി. സ്കൂൾ ഹെഡ്മിസ്ട്രസ്സ് ലില്ലിക്കുട്ടി, പി.ടി.എ. പ്രസിഡന്റ് രാജൻമാത്താറക്കുടി,എഴിപ്രം സ്കൂൾ ഹെഡ്മാസ്റ്റർ കെ.ആർ.പവിത്രൻ,കെ.ബി.സജീവ് എന്നിവർ പങ്കെടുത്തു.



മലയിടംതുരുത്ത് ഗവ.എൽ.പി. സ്കൂളിൽ നടപ്പിലാക്കിയ ഹരിതംഔഷധം പദ്ധതി ഉദ്ഘാടനം വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ രശ്മി ടീച്ചർ നിർവ്വഹിക്കുന്നു.



സമീപ വിദ്യാലയത്തിൽ ഔഷധത്തോട്ടം ഒരുക്കുന്ന എഴിപ്രം സ്കൂളിലെ കുട്ടികൾ

## ഹരിതം ഔഷധം പദ്ധതി വഴിയോരങ്ങളിലേക്കും..

നാട്ടിൽപുറത്തെ കവലകളിലും വഴിയോരങ്ങളിലും ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിച്ച് സ്കൂളിലെ കുട്ടികൾ മാതൃകയായി.സ്കൂളിന് സമീപമുള്ള

മേച്ചേരിമുകൾ,മലയിടംതുരുത്ത്,ചെമ്പരക്കി കവലകളിൽ ആര്യവേപ്പ്,ഞാവൽ,നെല്ലി,അത്തി തുടങ്ങിയ സസ്യങ്ങൾ സീഡ് ക്ലബ്ബ് അംഗങ്ങൾ വച്ചുപിടിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു.



**മലയിടംതുരുത്ത് കവലയിൽ ആര്യവേപ്പ് നടുന്ന ഓട്ടോഡ്രൈവർ അബ്ബാസ്**




**ഇരിങ്ങോൾ വനത്തിനു സമീപം വഴിയോരത്ത് ഔഷധസസ്യങ്ങൾ നടുന്നു**



ഹരിതംഔഷധം പദ്ധതിയുടെ ഭാഗമായി മാതൃഭൂമിയുടെ ഔഷധസസ്യ വിതരണവാഹനം സ്കൂളിൽ എത്തിയപ്പോൾ





ഹെഡ്മാസ്റ്റർ കെ.ആർ.പവിത്രൻ സാറിന്റെ നേതൃത്വത്തിൽ ചെമ്പറക്കി കവലയിൽ സൗജന്യ ഔഷധസസ്യങ്ങൾ വിതരണം ചെയ്യുന്ന സീഡ് ക്ലബ്ബ് അംഗങ്ങൾ





സ്കൂളിലെ ഔഷധത്തോട്ടം

**ജൈവ വൈവിധ്യ രജിസ്റ്റർ**

സ്കൂളിൽ നൂറിൽപരം ഔഷധ സസ്യങ്ങളും വൃക്ഷങ്ങളും നട്ടുവളർത്തി സംരക്ഷിച്ചുപോരുന്നു. കൂടാതെ ഇവയുടെ സമഗ്രമായ ഒരു ജൈവവൈവിധ്യ രജിസ്റ്റർ സൂക്ഷിച്ചു പോരുന്നു. അതോടൊപ്പം എല്ലാ സസ്യങ്ങളുടേയും പേരുകളും കുടുംബവും എഴുതി വച്ചിരിക്കുന്നത് സസ്യങ്ങളെ എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും ജൈവവൈവിധ്യ അവബോധം വളർത്തുവാനും സഹായിക്കുന്നു.

**പൈപ്പ് കമ്പോസ്റ്റ്**

സ്കൂളിലെ പച്ചക്കറി കൃഷിക്ക് ജൈവവളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പൈപ്പ് കംമ്പോസ്റ്റ് സ്ഥാപിക്കുകയും ശുചിത്വക്ലബ്ബിലെ കുട്ടികൾ ഉച്ചക്കുള്ള ഭക്ഷണാവശിഷ്ടങ്ങൾ ഇതിൽ നിക്ഷേപിക്കുന്നു.





**ലഹരിവിരുദ്ധ തെരുവുനാടകം**




**മലയിടംതുരുത്ത് SI ജയപ്രസാദ് ലഹരിവിരുദ്ധ ക്ലാസ്സ് എടുക്കുന്നു**



**യോഗാക്ലാസ്സ്**



## ക്യാൻസർ ബോധവൽക്കരണവും യോഗാ ക്ലാസ്സും

അർബുദദിനമായ ഫെബ്രുവരി നാലിന് സ്കൂളിൽ ജീവിതശൈലീരോഗങ്ങളും ക്യാൻസറും എന്ന വിഷയത്തെക്കുറിച്ച് വാഴക്കുളം പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഹെൽത്ത് സൂപ്പർവൈസർ കുട്ടികൾക്ക് ക്ലാസ്സെടുത്തു. ഹെൽത്ത് ഇൻസ്പെക്ടർ കെ.അർ.ശിവൻ,ഹെഡ്മാസ്റ്റർ കെ.ആർ.പവിത്രൻ തുടങ്ങിയവർ പങ്കെടുത്തു.തുടർന്ന് യോഗാക്ലാസ്സും സംഘടിപ്പിച്ചു.യോഗാചാര്യൻ ലൈജു വാഴക്കുളം യോഗാക്ലാസ്സിന് നേതൃത്വം നൽകി.



ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് വാഴക്കുളം പ്രാഥമികാരോഗ്യകേന്ദ്രത്തിലെ സൂപ്പർവൈസർ ക്ലാസ്സെടുക്കുന്നു

## കൈകഴുകൽ ദിനാചരണം

ഒക്ടോബർ 15 ലോകകൈകഴുകൽ ദിനം സ്കൂളിൽ സമുചിതമായി ആചരിച്ചു.വ്യക്തിശുചിത്വം,പരിസരശുചിത്വം എന്നിവയെക്കുറിച്ചുള്ള ക്ലാസ്സുകൾ സംഘടിപ്പിച്ചു.ദിനചര്യയുടെ ഭാഗമായുള്ള കൈകഴുകലിന്റെ പ്രാധാന്യം ഷിജി ടീച്ചർ കുട്ടികൾക്ക് വിശദീകരിച്ചുകൊടുത്തു.






## <u>കണ്ടൽ സംരക്ഷണം</u>

**കണ്ടലുകളെക്കുറിച്ചുള്ള പഠനത്തിന്റെ ഭാഗമായി സ്കൂളിൽ കണ്ടൽ ചെടികൾ വച്ചുപിടിപ്പിച്ചു.**





കണ്ടലുകളെക്കുറിച്ചുള്ള പഠനത്തിനായി .......

## ഔഷധസസ്യപ്രദർശനവും കർക്കിടകകഞ്ഞി വിതരണവും

**കർക്കിടകമാസത്തെവിശേഷങ്ങൾപങ്കുവച്ചുകൊണ്ട്സ്കൂളിൽവിവിധങ്ങളായപരിപാടികൾ സംഘടിപ്പിച്ചു.ഇതിന്റെ ഭാഗമായി ഔഷധസസ്യപ്രദർശനം,ക്വിസ്സ്,ദശപുഷ്പ പ്രദർശനം എന്നിവ സംഘടിപ്പിച്ചു.കൂടാതെ എല്ലാകുട്ടികൾക്കും കർക്കിടകകഞ്ഞി വിതരണം നടത്തി.**



ഔഷധസസ്യപ്രദർശനം



കർക്കിടകകഞ്ഞി വിതരണം

## ലഹരിവിരുദ്ധ ദിനാചരണം

ജൂൺ26 ലോകലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് സ്കൂളിൽ വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിച്ചു.അസംബ്ലിയിൽ ലഹരിവിരുദ്ധ പ്രതിജ്ഞ എടുത്തു.മുഹമ്മദ് റാസി സാർ സന്ദേശം നൽകി.പോസ്റ്റർ പ്രദർശനം  സംഘടിപ്പിച്ചു.കൂടാതെ സമീപത്തുള്ള കടകളിലും വീട്ടുകളിലും "ലഹരിക്കെതിരെ ജാഗ്രത "പരിപാടി സംഘടിപ്പിച്ചു.



"ലഹരിക്കെതിരെ ജാഗ്രത "പരിപാടിയിൽ നിന്ന്...



## പരിസ്ഥിതി ദിനാചരണം



സ്കൂളിലെ ഘോഷങ്ങൾക്ക് 2016  ജൂൺ 5 ന് തുടക്കംകുറിച്ചു.വാർഡ് മെമ്പർ പി.എം.നാസർ മാവിൻതൈ നട്ട്പരിസ്ഥിതി ദിനം ഉത്ഘാടനം ചെയ്തു.വാഴക്കുളം പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ കെ.ആർ.ശിവൻ പങ്കെടുത്തു.മഴക്കാലപൂർവ്വരോഗങ്ങളെക്കുറിച്ച് അസംബ്ളിയിൽ ക്ലാസ്സെടുത്തു..തുടർന്ന് പരിസ്ഥിതി സന്ദേശറാലി,പരിസ്ഥിതിസംരക്ഷണ പ്രതിജ്ഞ,പരിസ്ഥിതി ക്വിസ്സ്,ചിത്രരചന വൃക്ഷതൈ വിതരണം എന്നിവ സംഘടിപ്വൃക്ഷതൈ വിതരണം വാർഡ് മെമ്പർ പി.എം.നാസർ നിർവ്വഹിക്കുന്നു



പരിസ്ഥിതിസംരക്ഷണ പ്രതിജ്ഞ



പരിസ്ഥിതി സന്ദേശറാലി



ഞങ്ങൾക്ക് തണലാകുന്നവർ......

## ലോകതപാൽ ദിനം

ഒക്ടോബർ 10 ലോകതപാൽ ദിനത്തോടനുബന്ധിച്ച് ഈവർഷത്തെ കായികമേളയിലേക്ക് കവിഞ്ഞവർഷം സ്കൂളിൽ നിന്നും വിരമിച്ച കായിക അധ്യാപകൻ അയ്യപ്പൻ

സാറിനെ ക്ഷണിച്ചുകൊണ്ട് കുട്ടികൾ കത്തയച്ചു.വാഴക്കുളം പോസ്റ്റ് ഓഫീസിൽപ്പോയാണ്
കുട്ടികൾ കത്തയച്ചത്.പോസ്റ്റ് ഓഫീസിന്റെ പ്രവർത്തനം
ഇ.കെ.അസീസ്(പോസ്റ്റ്മാൻ)എൻ.കെ.രശ്മി(പോസ്റ്റ് മാസ്റ്റർ)സൗമ്യ എന്നിവർ വിശദീകരിച്ചു








എക്സൈസ് വകുപ്പ് പെരുമ്പാവൂർ റേഞ്ചിന്റെ നേതൃത്വത്തിലുള്ള
ബോധവൽക്കരണ ക്ലാസ്സ്




റോഡ് സുരക്ഷയെക്കുറിച്ചുള്ളബോധവൽക്കരണ ക്ലാസ്സ് –ശുഭയാത്ര



**വയോജന ദിനാചരണം**



**രോഗിയായ വിധ്യാർത്ഥിനിക്ക് ചികിത്സാസഹായം**

## സ്വാതന്ത്ര്യദിനാഘോഷം



**സ്വാതന്ത്ര്യദിനാഘോഷം ഡോ.കുഞ്ഞുമുഹമ്മദ് പുലവത്ത് ഉത്ഘാടനം ചെയ്യുന്ന**



കുട്ടികളുടെ കലാപരിപാടികൾ

**സ്കൂളിന് ലഭിച്ച വിവിധ അവാർഡുകൾ....അംഗീകാരങ്ങൾ...**

മനോരമ സീറോവേസ്റ്റ് =100 മാർക്ക്സ് ശുചിത്വമത്സരത്തിൽ സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനം (2012-13)



മനോരമ സീറോ വേസ്റ്റ് =100 മാർക്ക് ശുചിത്വമത്സരത്തിൽ സംസ്ഥാനതലത്തിൽ മൂന്നാംസ്ഥാനം (2013-14)




മനോരമ സീറോവേസ്റ്റ് =100 മാർക്ക് ശുചിത്വമത്സരത്തിൽ സംസ്ഥാനതലത്തിൽ നാലാംസ്ഥാനം (2014-15)



**മികച്ച പി.ടി.എ.യ്ക്കുള്ള ജില്ലാതല അവാർഡ് (2013-14)**



**വണ്ടർലാ ഊർജ്ജസംരക്ഷണ അവാർഡ് സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം(2012-13)**



**മലയാള മനോരമ നല്ലപാഠം ജില്ലാതലത്തിൽ രണ്ടാം സ്ഥാനം**



മനോരമ സീറോ വേസ്റ്റ് =100 മാർക്ക് ശുചിത്വമത്സരത്തിൽ സംസ്ഥാനതലത്തിൽ മൂന്നാംസ്ഥാനം (2013-14)




മനോരമ

സീറോവേസ്റ്റ് =100 മാർക്ക് ശുചിത്വമത്സരത്തിൽ സംസ്ഥാനതലത്തിൽ നാലാംസ്ഥാനം (2014-15)




**മികച്ച പി.ടി.എ.യ്ക്കുള്ള ജില്ലാതല അവാർഡ് (2013-14)**



വണ്ടർലാ ഊർജ്ജസംരക്ഷണ അവാർഡ് സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം(2012-13)



മലയാള മനോരമ നല്ലപാഠം ജില്ലാതലത്തിൽ രണ്ടാം സ്ഥാനം



ഏഴ് വർഷം തുടർച്ചയായി മാതൃഭൂമി സീഡ് വിദ്യാഭ്യാസ ജില്ലാതല അവാർഡ്

മാതൃഭൂമി വി.കെ.സി. നന്മ പുരസ്കാരം(2014-15)




ഏഴ് വർഷം തുടർച്ചയായി മാതൃഭൂമി സീഡ് വിദ്യാഭ്യാസ ജില്ലാതല അവാർഡ്


മാതൃഭൂമി സീഡ്  ജില്ലാതലത്തിൽ ഒന്നാം സ്ഥാനം ഹരിതവിദ്യാലയം അവാർഡ്(2015-16)





മികച്ച പി.ടി.എ.യ്ക്കുള്ള ജില്ലാതല അവാർഡ് (2015-16)

# കുട്ടികളുടെ കൃതികൾ

## Poem

Earth Earth Earth Earth, Earth Earth
I love my Earth, I love the birds
I love the animals and I love all are
Earth Earth Earth Earth, Earth Earth
The birds are singing, the animals are dancing
The butterflies are flying, the trees are smiling
Earth Earth Earth Earth, Earth Earth
I love my Earth, trees love Earth
birds love earth, and all are love Earth

Anila Venugopal
STD- VII

# നന്ദി